# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 62      28..06..2016 ൽ മറുപടിയ്ക്ക്

### മടമ്പം - ചെങ്ങളായി - ചമതച്ചാൽ പുഴകളിൽ കുട്ടികൾ മുങ്ങി മരിച്ച സംഭവം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സി. ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
| (എ)) കണ്ണൂർ ജില്ലയിൽ മടമ്പം - ചെങ്ങളായി-ചമതച്ചാൽ പുഴകളിൽ മൂന്ന് ആഴ്ചക്കിടയിൽ 9 കുട്ടികൾ മുങ്ങി മരിച്ച ദാരുണമായ സംഭവത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | ചെങ്ങളായി-ചമതച്ചാൽ പുഴകളിൽ മുങ്ങി മരിച്ച 8 കുട്ടികളുടെ കുടുംബാഗംങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൂന്നു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. മടമ്പത്ത് പുഴയിൽ മുങ്ങി മരിച്ച കുട്ടിയുടെ കുടുംബാഗംങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല. |

(ബി) മരണമടഞ്ഞ ഓരോ കുട്ടികൾക്കും 5 ലക്ഷം രൂപ വീതം അവരുടെ രക്ഷകർത്താക്കൾക്ക് ധനസഹായം നൽകുന്നതിന് ശ്രീ.കെ.സി. ജോസഫ് എം.എൽ.എയുടെ കത്ത് മുഖ്യ മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(സി) മരണാനന്തര സഹായമായി മരിച്ച ഓരോ കുട്ടികളുടേയും രക്ഷകർത്താക്കൾക്ക് എന്ത് ധനസഹായമാണ് നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇനിയും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സംഭവം നടന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പു നൽകുന്ന ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ ?

(ഡി) മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**